24/01/2024 രാവിലെ 10.30 ന് കണ്ണൂർ ഐ.വി.ഒ ചേംബറിൽ വെച്ച് ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ –കൺവീനർ& ഐ. വി. ഒ –(ഒപ്പ് )

2. ദിലീപ് കുമാർ കെ –അസിസ്റ്റൻറ് എക്സി. എൻജിനിയർ. LSGD –(ഒപ്പ് )

3. രാജീവ് പി എം – അസിസ്റ്റൻറ് ടൌൺ പ്ലാനർ ,LSGD planning––(ഒപ്പ് )

<u>28/01–2024 dt . 24/01/2024 (പിണറായി ഗ്രാമപഞ്ചായത്ത്)</u>

നവ കേരള സദസ്സിൽ ശ്രീ ഷിജിൻ പുലപ്പാടി, ശ്രീരാഗം, കോളാട്, പി ഒ പാറപ്പുറം എന്നവർ സമർപ്പിച്ച, പിണറായി ഗ്രാമപഞ്ചായത്തിൽ പതിനെട്ടാം വാർഡിൽ 213 B നമ്പർ വീട്ടിൽ 6 വർഷമായി താമസിക്കുന്ന എനിക്ക് തീരദേശ നിയമം പറഞ്ഞ് സ്ഥിര നമ്പർ അനുവദിക്കുന്നില്ല എന്നും ,പുഴ മുതൽ 200 മീറ്റർ അകലം ഉണ്ട് ഞങ്ങളുടെ വീടുമായി. സ്വകാര്യ വ്യക്തിയുടെ ചെമ്മീൻ പാടം മുതൽ 50 മീറ്റർ ഉള്ളത് ഇത് 100 മീറ്റർ വേണമെന്ന് പറയുന്നു. 50 മീറ്റർ ആക്കി ചുരുക്കി ഞങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് തരണമെന്ന അപേക്ഷ അദാലത്ത് സമിതി പരിശോധിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ഹിയറിങ് സമയത്ത് ലഭ്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഫയൽ പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് 11/01/2024 ലെ 18/01–2024 തീരുമാനപ്രകാരം കമ്മിറ്റി വിലയിരുത്തതിന്റെ അടിസ്ഥാനത്തിൽ 23/01/2024ന് ഫയൽ പരിശോധന നടത്തിയതിൽ ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. 29/09/2014 ന് അപേക്ഷകൻ കെട്ടിട നിർമ്മാണത്തിന് NOC ക്ക് അപേക്ഷിച്ചിട്ടുള്ളതായി കാണുന്നു.
2. KCZMA യുടെ 22/03/2016 ലെ 8449/A3/15/KCZMA/S&TD പ്രകാരം, അപേക്ഷകന് ഉദ്ദേശിച്ച നിർമ്മാണം 99.47 ച. മീ. ആണെങ്കിലും 60 ച. മീ. ഏറിയ വിസ്തീർണത്തിൽ ഉയരം 5 മീറ്റർ നിജപ്പെടുത്തി നിബന്ധനകളോടെ CRZ ക്ലിയറൻസ് അനുമതി നൽകിയതായി കാണുന്നു.
3. അപേക്ഷകൻ നിർമ്മാണം പൂർത്തീകരിച്ച് 26/10/2017 ന് പൂർത്തീകരണ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നു.
4. നിർമ്മാണം 60 ച. മീ അധികരിച്ചതിനാൽ 26/02/2018 ൽ 107 ച. മീ വിസ്തീർണത്തിൽ യു എ നമ്പർ അനുവദിച്ചതായി കാണുന്നു.

5. അപേക്ഷകൻ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷയിൽ സ്ഥിര നമ്പർ അനുവദിക്കാത്തതിനാൽ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതായി അറിയിച്ചിട്ടുണ്ട്. അപേക്ഷയിൽ ടിയാന്റെ കെട്ടിടത്തിൽ നിന്നും പുഴയിലേക്ക് 200 മീറ്റർ അകലം ഉണ്ടെന്നും ചെമ്മീൻ പാടത്തു നിന്നും 50 മീറ്റർ ദൂരമുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
6. CRZ നോട്ടിഫിക്കേഷൻ 2011 പ്രകാരമുള്ള CZMP പ്രസിദ്ധീകരിച്ചത് 2019 ഫെബ്രുവരി 28ന് ആണെന്ന് കാണുന്നു.

മേൽ വസ്തുതകളിൽ നിന്നും മേൽ അപേക്ഷ വിശദ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു കൊണ്ട് KCZMA ജില്ലാതല കമ്മിറ്റിക്ക് ചട്ടങ്ങൾ പാലിച്ചുകൊണ്ട് പുനഃപരിശോധനക്കായി സമർപ്പിക്കുന്നതിന് വേണ്ടി സെക്രട്ടറിയോട് ആവശ്യപ്പെട്ട് തീരുമാനിച്ചു. ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

<u>29/01-2024 dt . 24/01/2024 (ധർമ്മടം ഗ്രാമപഞ്ചായത്ത് )</u>

നവ കേരള സദസ്സിൽ ശ്രീ. സാലിഹ് വി ടി, ഫിദാസ് , ചാത്തോട്ടം, പി ഒ ധർമ്മടം എന്നവർ സമർപ്പിച്ച, ധർമ്മടം ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം വാർഡിൽ എട്ടുവർഷം മുമ്പ് നിർമ്മിച്ച വീടിന്, സമീപത്തുകൂടെ അംഗൻവാടി റോഡ് വന്നതിനാൽ വീടിന് നമ്പർ അനുവദിക്കുന്നില്ല എന്നുള്ള അപേക്ഷ ,അദാലത്ത് സമിതി 11/01/2024 ന് പരിശോധിക്കുകയും , ആയതിൽ അപേക്ഷകന്റെ പ്രതിനിധിയെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു ഫയൽ പരിശോധിച്ചതിൽ നിന്നും ടി സ്ഥലവും കൂടി പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കാൻസാധിക്കുകയുള്ളൂ എന്ന് 11/01/2024 ലെ 10/01-2024 തീരുമാനപ്രകാരം കമ്മിറ്റി വിലയിരുത്തതിന്റെ അടിസ്ഥാനത്തിൽ 23/01/2024ന് അപേക്ഷകന്റെ പ്രതിനിധി, പഞ്ചായത്ത് ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു.

1. മേൽ കെട്ടിടത്തിനു മുൻവശം അംഗൻവാടി റോഡ് പ്രധാന റോഡിൽ തുടങ്ങി 100 മീറ്റർ നീളത്തിൽ അവസാനിക്കുന്നതാണ് .

2. കെട്ടിടത്തിൽ നിന്നും മേൽ റോഡിലേക്ക് 1.66 മീറ്റർ അകലമാണ് നിലവിൽ ഉള്ളത്

3. നിർമ്മാണത്തിന് CRZ അനുമതി ആവശ്യമുള്ളതാണ്

4. മേൽ റോഡിന് സ്ഥലത്ത് 3.07 മി., 3.70 മി. വീതി നിലവിലുണ്ട്

മേൽ വസ്തുതകളിൽ നിന്നും നിർമ്മാണത്തിന് CRZ അനുമതി ലഭിച്ചിട്ടില്ലാത്തതിനാലും കെ പി ബി ആർ 2019 ചട്ടം 23(2) പ്രകാരം മേൽ

കെട്ടിടത്തിനു റോഡിനോട് ചേർന്ന് കിടക്കുന്ന അതിർത്തിയിൽ നിന്നും 2.00 മീറ്റർ അകലം വേണ്ടത് ലഭ്യമാവുന്നില്ല എന്നതിനാൽ, ആയതിൽ സെക്രട്ടറി സ്വീകരിച്ച നടപടി ശരിയാണ് എന്നും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കെട്ടിടം ക്രമവത്കരിക്കാൻ കഴിയാത്തതാണെന്നും കമ്മിറ്റി നിരീക്ഷിച്ചു . ടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു . അപേക്ഷകന്റെ പ്രതിനിധിയെ സ്ഥല പരിശോധന സമയത്ത് ആയതു നേരിട്ട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

30/01-2024 dt . 24/01/2024 (തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്)

സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാസമിതി പോർട്ടലിൽ ലഭ്യമായ ശ്രീ. Abdulla Nalloor Nalloor HouseP.O. Kadavathur Kannur എന്നവരുടെ, 2023 ഫെബ്രുവരിയിൽ എന്റെ സഹോദരി കെട്ടിട നിർമ്മാണ അനുമതിക്കായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു . അസിസ്റ്റൻറ് എഞ്ചിനീയറുടെ സ്ഥലപരിശോധനയ്ക്ക് ശേഷം 2 ന്യൂനതകൾ അറിയിച്ച് ഫയൽ തിരികെ നൽകി .ദീർഘനാളത്തെ പരിശ്രമത്തിലൂടെ ഞാൻ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആയത് ക്ലിയർ ചെയ്ത് , ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമായ കത്തുകളുടെ പകർപ്പുകൾ ഉൾപ്പെടെ സമർപ്പിക്കുകയും ചെയ്തു. പിന്നീട് അപേക്ഷയുടെ നിജസ്ഥിതി അന്വേഷിക്കാൻ ബന്ധപ്പെട്ട ക്ലർക്കിനെ സമീപിച്ചപ്പോൾ വീണ്ടും അപാകതകൾ അറിയിച്ചുകൊണ്ടു ഫയൽ മടക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. രണ്ടാമത് അറിയിച്ച അപകതകളെ കുറിച്ച് AE യോട്ചോദിച്ചപ്പോൾ മറുപടി തൃപ്തികരമല്ലയിരുന്നു .ആദ്യ നോട്ടീസിൽ തന്നെ എല്ലാ അപാകതകളും എന്ത്കൊണ്ട് അറിയിച്ചില്ല എന്നും കൈക്കൂലി കൊടുക്കാൻ ഞാൻ തയ്യാറല്ലാത്തതിനാൽ ഫയൽ വൈകിപ്പിച്ച് ഉപദ്രവിക്കാനാണ് ഉദ്ദേശം എന്നുമുള്ള അപേക്ഷയിൽ അപേക്ഷകനെ നേരിൽ കേട്ടതിൽ നിന്നും അപേക്ഷയിൽ സൂചിപ്പിച്ച ആയിഷ മുഹമ്മദ് എന്നവരുടെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിൽ അനുവാദം ലഭ്യമായിട്ടുള്ളതായി അപേക്ഷകൻ അറിയിക്കുകയും, പരാതിയിൽ സൂചിപ്പിച്ച കൈക്കൂലി സംബന്ധിച്ച് അന്വേഷിച്ചപ്പോൾ ജീവനക്കാർ ആരുംതന്നെ കൈക്കൂലി ആവശ്യപ്പെട്ടിട്ടില്ല എന്നും ഫയൽ താമസം വന്നതുകൊണ്ട് ഇതിനു വേണ്ടിയാണോ എന്ന് സംശയിച്ചതിലാണ് അപേക്ഷയിൽ ആയതുകൂടി രേഖപ്പെടുത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ച സാഹചര്യത്തിൽ മറ്റ് പരാതികൾ ഒന്നും തന്നെയില്ല എന്നുകൂടി അപേക്ഷകൻ അറിയിച്ചിട്ടുണ്ട്.ആയതിനാൽ ടി അപേക്ഷയിൽ മറ്റ് നടപടികൾ അവശ്യമായില്ല എന്ന് കമ്മിറ്റി നിരീക്ഷിച്ചു . ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പഞ്ചായത്തിൽ ലഭ്യമാകുന്ന അപേക്ഷകളിൽ

അപേക്ഷകനെ ന്യൂനതകൾ അറിയിക്കുന്ന സാഹചര്യത്തിൽ ഫയൽ പരിശോധിച്ച് എല്ലാ ന്യൂനതകളും പല ഘട്ടങ്ങളിൽ അറിയിക്കാതെ ഒറ്റ തവണ അറിയിക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിക്കേണ്ടതാണെന്നും ,സെക്രട്ടറിയെ അറിയിക്കുന്നതിനും തീരുമാനിച്ചു.

<u>31/01-2024 dt . 24/01/2024 (തൂപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്)</u>

സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ലഭ്യമായ,ശ്രീ സലീം പുഴക്കൽ എന്നവരുടെ, വീട്ടുനമ്പർ പതിച്ചു കിട്ടുന്നതിനുവേണ്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ട് മാസങ്ങളോളം ആയി ഇതുവരെ ഒരു പരിഹാരമായിട്ടില്ല എന്നും, പ്രസ്തുത ഭൂമി സർവ്വേ നമ്പർ 165/3, 165/153 (റീ സർവ്വേ നമ്പർ) കടവത്തൂർ ദേശം തൂപ്പങ്ങോട്ടൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന സി ആർ സെഡ് കാറ്റഗറിയിൽ പെട്ടതാണെന്നാണ് അറിവ്, പ്രസ്തുത വിഷയം പരിഹരിച്ചു തരണമെന്ന പരാതിയിൽ അപേക്ഷകന്റെ പ്രതിനിധിയെയും ഗ്രാമപഞ്ചായത്ത് ക്ലർക്ക് അസിസ്റ്റന്റ് എൻജിനീയർ എന്നിവരെയും നേരിൽ കെട്ടത്തിൽ നിന്നും ഇതുമായി ബന്ധപ്പെട്ട അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.അപേക്ഷ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാകാതെ ടി അപേക്ഷയിൽ തീരുമാനമെടുക്കാൻ സാധിക്കുകയില്ല എന്ന് കമ്മിറ്റി വിലയിരുത്തി . ടി വിഷയം സംബന്ധിച്ച അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിന് വേണ്ടി നേരിൽ കേട്ട സമയത്ത് അപേക്ഷകന്റെ പ്രതിനിധിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.ടി വിവരം രേഖാമൂലം അറിയിക്കുന്നതിനു വേണ്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

<u>32/01-2024 dt . 24/01/2024 (പാട്യം ഗ്രാമപഞ്ചായത്ത്)</u>

സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീ ഫൈസൽ ടി കായത്ത് റോഡ് തലശ്ശേരി എന്നവർ ലഭ്യമാക്കിയ, പാട്യം ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 17ൽ റീ . സർവ്വേ നമ്പർ 6/151, 6/152 എന്ന സ്ഥലത്ത് നിർമ്മിച്ച വീടിന്റെ പെർമിറ്റിന് വേണ്ടി റഗുലറൈസേഷൻ ആയി സമർപ്പിച്ച ഫയൽ സ്ഥല പരിശോധനയിൽ, നിർമ്മാണം നടന്ന കിണറിൽ നിന്നും KPBR പ്രകാരമുള്ള സെറ്റ് ബാക്ക് ലഭ്യമാകുന്നില്ല എന്ന ന്യൂനതകൾ കാണിച്ചുകൊണ്ട് തിരിച്ചയച്ചിരുന്നു ആയതിനാൽ അദാലത്ത് വഴി എനിക്ക് പെർമിറ്റോ അതിനുള്ള മാർഗ്ഗനിർദ്ദേശമോ അനുവദിച്ചു നൽകണമെന്ന അപേക്ഷയിൽ, അപേക്ഷകന്റെ പ്രതിനിധിയെ നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും അതിർത്തിയിൽ നിന്നും കിണറിലേക്കുള്ള അകലം കെ പി ബി ആർ ചട്ടം 75

(2)(ii) പ്രകാരം ലഭ്യമല്ലാത്തതിനാൽ വീട് ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. കെ പി ബി ആർ 2019 ചട്ടങ്ങൾ പാലിച്ചു കൊണ്ടുള്ള നിർമ്മാണ അപേക്ഷകൾ മാത്രമേ ക്രമവൽക്കരിക്കുവാൻ സാധിക്കുകയുള്ളൂ. കെപിബിആർ 2019 ചട്ടം 75 (2) പ്രകാരം അതിർത്തിയിൽ നിന്നും 1.20 മീറ്റർ കിണറിന് അകലം വിടേണ്ടതുണ്ട്. ആയത് പ്രകാരം ആവശ്യമായ ക്രമീകരണം നടത്തി കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്ന മുറക്ക് മാത്രമേ കെട്ടിടം ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കമ്മിറ്റി നിരീക്ഷിച്ചു. ടി വിവരം നേരിൽ കേട്ട സമയത്ത് അപേക്ഷകന്റെ പ്രതിനിധിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട് ആയത് രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു

<u>33/01-2024 dt . 24/01/2024 (കുത്തുപറമ്പ് മുനിസിപാലിറ്റി)</u>

നവകേരള സദസ്സിൽ കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന മുര്യാട് ജുമാ മസ്ജിദ് കമ്മിറ്റി പ്രസിഡണ്ട് സിപി അബ്ദുള്ള ഹാജി സമർപ്പിച്ച, 113 വർഷം പഴക്കമുള്ളതും ആരാധന നടന്നുവരുന്നതുമായ പള്ളി, ജീർണാവസ്ഥയിൽ ആയിരുന്നത് കൊണ്ട് 2013 ൽ പുതുക്കിപ്പണിയുന്നതിലേക്ക് കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ പുതുക്കിപ്പണിയാൻ അപേക്ഷ നൽകുകയും വാക്കാൽ സമ്മതം തന്നതിനാലും പണിപൂർത്തിയാക്കി 2015 ഏപ്രിൽ രണ്ടിന് ആരാധകർക്ക് വേണ്ടി തുറന്നു കൊടുത്തു. പ്രസ്തുത പള്ളിയും അതിന്റെ സ്വത്തുക്കളും കേരള വഖഫ് ബോർഡിൽ 448/RA നമ്പറിൽ രജിസ്റ്റർ ചെയ്ത് യഥാസമയം കണക്കുകൾ ഹാജരാക്കിയും വിഹിതം അടക്കുന്നുണ്ട്. 2017 ലെ പെർമിറ്റ് ലഭിക്കാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാനുള്ള ഉത്തരപ്രകാരം അപേക്ഷ നൽകുകയും അത് പരിശോധിച്ചു ലഭിച്ച മറുപടി പ്രകാരം 20000 രൂപ മുനിസിപ്പാലിറ്റിയിൽ അടക്കുകയും ചെയ്തിരുന്നു. ശേഷം വന്ന കത്തുകളിലെ സാങ്കേതികത്വങ്ങൾ അപ്പപ്പോൾ പരിഹരിച്ചു നൽകിയിട്ടുമുണ്ട് എന്നും അവസാനമായി 14/11/ 2019 കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ നിന്നും വന്ന കത്തിൽ സ്ഥലത്തിന്റെ തരം നിലം ആണെന്ന് അറിയിച്ചിട്ടുണ്ട്. 113 വർഷം പഴക്കമുള്ളതും ആരാധന നടന്നുവരുന്നതുമായ പള്ളി യഥാസ്ഥാനത്തുതന്നെ 2013ൽ പുതുക്കിപ്പണിതുടങ്ങി 2015 പണിപൂർത്തിയാക്കി ആരാധനാ തുടർന്നുവരുന്ന പള്ളിക്കെട്ടിടത്തിന് 2017 നിലവിൽ വന്ന നിയമത്തിന്റെ സാങ്കേതികത്വം പറഞ്ഞ് നമ്പർ നൽകാതെ ഒരു പ്രദേശത്തെ മുഴുവൻ ഇസ്ലാം മത വിശ്വാസികളെയും ബുദ്ധിമുട്ടിക്കുന്ന നിലപാട് തിരുത്തി പ്രസ്തുത പള്ളിക്ക് നമ്പർ പതിച്ചു നൽകാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തു തരണമെന്ന് അപേക്ഷ ഉപജില്ലാ അദാലത്ത് സമിതിയുടെ 11/01/2024 ലെ യോഗത്തിൽ

പരിഗണിക്കുകയും 07/01-2024 പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അയതിനാൽ ടി അപേക്ഷയിൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിച്ചു.

<u>34/01-2024 dt . 24/01/2024 (തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്)</u>

സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ലഭ്യമായ,ശ്രീ സലീം പുഴക്കൽ എന്നവരുടെ, വീട്ടുനമ്പർ പതിച്ചു കിട്ടുന്നതിനുവേണ്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ട് മാസങ്ങളോളം ആയി ഇതുവരെ ഒരു പരിഹാരമായിട്ടില്ല എന്നും, പ്രസ്തുത ഭൂമി സർവ്വേ നമ്പർ 165/3, 165/153 (റീ സർവ്വേ നമ്പർ) കടവത്തൂർ ദേശം തൃപ്പങ്ങോട്ടൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന സി ആർ സെഡ് കാറ്റഗറിയിൽ പെട്ടതാണെന്നാണ് അറിവ്, പ്രസ്തുത വിഷയം പരിഹരിച്ചു തരണമെന്ന പരാതി ഉപജില്ലാ അദാലത്ത് സമിതിയുടെ 24/01/2024 ലെ യോഗത്തിൽ പരിഗണിക്കുകയും 31/01-2024 പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അയതിനാൽ ടി അപേക്ഷയിൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിച്ചു.

യോഗം 12.30 ന് അവസാനിച്ചു . അടുത്ത യോഗം 06/02/2024 ന് ചേരാൻ തീരുമാനിച്ചു

//ശരിപ്പകർപ്പ് //

